REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളാ കെയർ, പാലിയേറ്റീവ് ഗ്രിഡും സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും കളമശേരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ ഇതുവരെ 4,415 ഇന്ത്യക്കാരെ നാട്ടിലെത്തിച്ചതായി വിദേശകാര്യ മന്ത്രാലയം**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് റേഡിയോ പരിപാടി നാളെ രാവിലെ11ന്.**
- **സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് മുന്നറിയിപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ഇന്ത്യാ- ഇംഗ്ലണ്ട് വനിതാ ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് നോട്ടിംഗ്ഹാമിൽ**

## വാർത്തകൾ വിശദമായി

കേരളാ കെയർ, പാലിയേറ്റീവ് ഗ്രിഡും സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും വൈകിട്ട് കളമശേരി രാജഗിരി പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിടപ്പുരോഗികൾക്കും നീണ്ടകാലത്തെ രോഗംകൊണ്ട് ബുദ്ധിമുട്ടുന്നവർക്കും സാന്ത്വനം പകരുകയെന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പദ്ധതി നടപ്പാക്കുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടേയും ഭാരതീയ ചികിത്സാ വകുപ്പിന്റേയും ഹോമിയോ വകുപ്പിന്റേയും മറ്റ് സന്നദ്ധ സംഘടകളുടേയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന

സാന്ത്വന പരിചരണ സേവനങ്ങൾ ഏകോപിച്ചാണ് സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്........

കിടപ്പുരോഗികളെ തൊട്ടടുത്ത പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുമായി ബന്ധിപ്പിച്ച് വാർഡ് കൗൺസിലറുടേയും ആശാ പ്രവർത്തകരുടേയും നേതൃത്വത്തിൽ പ്രത്യേക സംഘത്തെ പദ്ധതിയിൽ രൂപീകരിക്കും. ഇതിനായി രൂപീകരിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് കേരളാ കെയർ.

മെഡിക്കൽ കോളജുകളിലേയും ക്യാൻസർ സെന്ററുകളിലേയും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തും. മെഡിക്കൽ, നഴ്സിംഗ് മേഖലയിൽ പാലിയേറ്റീവ് കെയർ പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിന് കഴിഞ്ഞ മാർച്ചിൽ പാലിയേറ്റീവ് കെയർ ഗ്രിഡിന് ഗവൺമെന്റ് തുടക്കമിട്ടിരുന്നു.

✪✪✪

ജൈന ആത്മീയ നേതാവും സാമൂഹിക പരിഷ്കർത്താവുമായ ആചാര്യ വിദ്യാനന്ദ് ജി മഹാരാജിന്റെ ശതാബ്ദി ആഘോഷങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഭഗവാൻ മഹാവീർ അഹിംസ ഭാരതി ട്രസ്റ്റുമായി സഹകരിച്ച് ഗവൺമെന്റ് സംഘടിപ്പിക്കുന്ന ഒരു വർഷത്തെ ആഘോഷങ്ങൾക്കും ഇതോടെ തുടക്കമാകും.

✪✪✪

അഞ്ച് രാജ്യങ്ങളിലെ എട്ട് ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത ബുധനാഴ്ച യാത്ര തിരിക്കും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്......

ജൂലൈ രണ്ടിന് ഘാനയിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും. സാമ്പത്തിക, ഊർജ്ജ, പ്രതിരോധ, വികസന മേഖലകളിലിൽ ഇരു രാജ്യങ്ങളും പങ്കാളിത്തം ശക്തിപ്പെടുത്താൻ ചർച്ച നടത്തും.

ജൂലൈ മൂന്നിന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെത്തുന്ന പ്രധാനമന്ത്രി രണ്ട് ദിവസം അവിടെ തുടരും. സംയുക്ത പാർലമെന്റ് സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

ജൂലൈ നാലിന്, അർജന്റീനയിലേക്കും, അഞ്ചാം തീയതി ബ്രസീലിലേക്കും പോകുന്ന നരേന്ദ്ര മോദി റിയോ ഡി ജനീറോയിൽ 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ജൂലൈ ഒൻപതിന് നരേന്ദ്ര മോദി നമീബിയയിൽ എത്തും.

✪✪✪

ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ ഇതുവരെ 4,415 ഇന്ത്യക്കാരെ നാട്ടിലെത്തിച്ചതായി വിദേശകാര്യമന്ത്രാലയം ഡൽഹിയിൽ അറിയിച്ചു. ഇതിൽ 3,597 പേരെ ഇറാനിൽ നിന്നും 818 പേരെ ഇസ്രായേലിൽ നിന്നും തിരികെ എത്തിച്ചതാണ്. 1500 ലേറെ സ്ത്രീകളും 500ലേറെ കുട്ടികളും ഇവരിൽ ഉൾപ്പെടുന്നു.

✪✪✪

രാജ്യത്തിന്റെ കാർഷിക മേഖലയും അനുബന്ധ മേഖലകളും 2011 മുതൽ 2024 വരെ സാമ്പത്തിക വർഷം വരെ മൂല്യ വർദ്ധിത ഉത്പാദനത്തിൽ 225 ശതമാനം വളർച്ച രേഖപ്പെടുത്തി. ദേശീയ സ്ഥിതിവിവര ഓഫീസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം, 2011-12-ൽ 15 ലക്ഷത്തി രണ്ടായിരം കോടി രൂപയായിരുന്ന മൂല്യം കഴിഞ്ഞ സാമ്പത്തിക വർഷം 48 ലക്ഷത്തി 78,000 കോടി രൂപയായി ഉയർന്നു.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ ഒരു ലക്ഷത്തി 78,000 കോടി രൂപ അറ്റാദായം ഉണ്ടാക്കിയതായി ന്യൂഡൽഹിയിൽ ചേർന്ന വാർഷിക അവലോകന യോഗത്തിൽ വെളിപ്പെടുത്തി. സാമ്പത്തിക മികവിന്റെ ശക്തമായ തെളിവാണിതെന്ന് ധനമന്ത്രി നിർമലാ സീതാരാമന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. ബാങ്കുകളിലെ നിഷ്ക്രിയ ആസ്തികൾ .52 ശതമാനമായി കുറഞ്ഞതായും കണക്കുകൾ കാണിക്കുന്നു.

ബാങ്കുകളിലെ ഇപ്പോഴത്തെ ഒഴിവുകളും വരാനിരിക്കുന്ന ഒഴിവുകളും നികത്തണമെന്ന് യോഗത്തിൽ നിർമല സീതാരാമൻ ആവശ്യപ്പെട്ടു. മികച്ച സേവനം ലഭ്യമാക്കാൻ ജീവനക്കാരുടെ അംഗബലം പ്രധാന ഘടകമാണെന്ന് ധനമന്ത്രി അഭിപ്രായപ്പെട്ടു. MSME മേഖലയ്ക്ക് പുതിയ വായ്പാ നിർണയമാതൃക തയ്യാറാക്കണമെന്നും നിർമല സീതാരാമൻ നിർദേശം നൽകി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി നാളെ രാവിലെ 11-ന് ആകാശവാണിയിലും, ദൂരദർശനിലും. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയുടെയും, ദൂരദർശന്റെയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. മലയാള പരിഭാഷയും തുടർന്ന് കേൾക്കാം.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

ചിലയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർവരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഇടുക്കിയിൽ മഴയ്ക്ക് നേരിയ ശമനമായെങ്കിലും നദികളിലേയും ഡാമുകളിലേയും ജലനിരപ്പ് ഉയർന്നിരിക്കുകയാണ്. ഇടുക്കി ഡാമിലെ ജലനിരപ്പ് 2360.50 അടിയാണ്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 135.55 അടിയിലെത്തി. 136 അടിയിലെത്തിയാൽ സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്ക് ഒഴുക്കുമെന്ന് തമിഴ്നാട് കഴിഞ്ഞ ദിവസം തന്നെ അറിയിപ്പ് നൽകിയിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...

..........വോയ്സ്......

ഇന്നലെ (വെള്ളി) ഉച്ചക്ക് ശേഷം ഇടുക്കിയിൽ കാര്യമായി മഴ പെയ്തില്ല. എന്നാൽ വൃഷ്ടിപ്രദേശങ്ങളിൽ നിന്നുള്ള നീരൊഴുക്ക് ശക്തമായി തുടരുന്നതിനാൽ ഇടുക്കി, മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള ഡാമുകളിലെ ജലനിരപ്പ് ഉയരുന്നുണ്ട്. ഇടുക്കി ഡാമിലെ ജലനിരപ്പ് സംഭരണ ശേഷിയുടെ 55 ശതമാനം പിന്നിട്ടു. മൂന്ന് ദിവസത്തിനിടെ 10 അടിയോളം വെള്ളമാണ് ഇടുക്കിയിൽ വർദ്ധിച്ചത്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് റൂൾ കർവ് ലെവലായ 136 അടിയിലേക്ക് ഉയരുന്ന സ്ഥിതി എത്തിയതിനാൽ സ്പിൽ വേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്ക് ഒഴുക്കുമെന്ന് തമിഴ്നാട് അധികൃതർ കഴിഞ്ഞ ദിവസം തന്നെ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടം മുന്നൊരുക്കങ്ങളെല്ലാം പൂർത്തിയാക്കി. വെള്ളം ഒഴുകിയെത്തുന്ന പെരിയാറിന്റെ ഇരുകരകളിൽ നിന്നുമായി 883 കുടുംബങ്ങളിലെ 3220 പേരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ റവന്യൂ, പോലീസ് അധികൃതർക്ക് ജില്ലാ കളക്ടർ ഇന്നലെ നിർദ്ദേശം നൽകിയിരുന്നു. ഇവർക്കായി 20ലധികം

ക്യാമ്പുകളാണ് ഒരുക്കിയിട്ടുള്ളത്. ആളുകളെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി മേഖലയിൽ ഇന്നലെ രാത്രി മൈക്ക് അനൗൺസ്‌മെന്റും നടത്തിയിരുന്നു. ഷട്ടറുകൾ തുറക്കേണ്ട സാഹചര്യമുണ്ടായാൽ പകൽ സമയത്ത് മാത്രമേ ആകാവൂ എന്ന് ഇടുക്കി ജില്ലാ ഭരണകൂടം തമിഴ്നാടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

✪✪✪

തൃശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലെ സ്കൂളുകളിൽ ഇന്ന് ക്ലാസ് ഉണ്ടാകില്ലെന്ന് DEO അറിയിച്ചു. ജില്ലയിലെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ അവധി ബാധകമല്ല.

✪✪✪

ദേശീയപാതയിലെ വെള്ളക്കെട്ടടക്കം പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണണമെന്ന് മന്ത്രി AK ശശീന്ദ്രൻ ആവശ്യപ്പെട്ടു. എലത്തൂർ നിയോജക മണ്ഡല പരിധിയിലെ ദേശീയപാത നിർമാണ അവലോകനയോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. അണ്ടർപാസുകളിൽ അടിഞ്ഞ് കൂടുന്ന മണ്ണും മറ്റ് മാലിന്യങ്ങളും രണ്ട് ദിവസത്തിനകം നീക്കം ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കണമെന്ന് കോഴിക്കോട്ട് ചേർന്ന യോഗത്തിൽ മന്ത്രി നിർദ്ദേശിച്ചു.

✪✪✪

ചൂരൽമല, മുണ്ടക്കൈ പ്രദേശത്തെ എസ്റ്റേറ്റുകൾ മഴ കനത്തതിനെത്തുടർന്ന് അടച്ച സാഹചര്യത്തിൽ തൊഴിലാളികൾക്ക് ധനസഹായം നൽകണമെന്ന് ആവശ്യപ്പെട്ട് CPIM മുഖ്യമന്ത്രിക്ക് നിവേദനം നൽകി. ജോലി പുനരാരംഭിക്കുന്നത് വരെ പ്രതിദിനം 300 രൂപ വീതം നൽകണമെന്നാണ് CPIM സംസ്ഥാന കമ്മിറ്റിയംഗം CK ശശീന്ദ്രന്റെ നേതൃത്വത്തിൽ ജില്ലാ കമ്മിറ്റി നിവേദനം നൽകിയത്.

✪✪✪

ചെല്ലാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഇലക്ട്രിക്ക് ഓട്ടോ - ഫിഷ് വെൻഡിംഗ് കിയോസ്ക്, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് വിതരണം ചെയ്യും. കേന്ദ്ര - സംസ്ഥാന പങ്കാളിത്തത്തോടെ സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായാണ് പരിപാടി. ചെല്ലാനം മത്സ്യഗ്രാമത്തിൽ 570 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്.

✪✪✪

സ്വാതന്ത്ര സമര ഭടന്മാരെ സംബന്ധിച്ച ഫയൽ ശേഖരത്തിലെ വിവരങ്ങൾ നശിച്ചു പോകാതിരിക്കാൻ തദ്ദേശ _റവന്യൂ വകുപ്പുകൾ അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A.അബ്ദുൽ ഹക്കീം നിർദ്ദേശിച്ചു. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്നവർക്ക് അവ നൽകാൻ തയ്യാറാക്കിവെക്കണമെന്നും മലപ്പുറം തിരൂരങ്ങാടി ബ്ലോക്ക് ഓഫീസിൽ സംഘടിപ്പിച്ച ജില്ലാതല വിവരാവകാശ കമ്മിഷൻ സിറ്റിംഗിൽ കമ്മീഷണർ ആവശ്യപ്പെട്ടു.

സ്വാതന്ത്ര്യ സമര സേനാനികളുടെ വിവരങ്ങൾ ജില്ലാ കല്കടർമാർ സ്വമേധയാ സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും A.അബ്ദുൽ ഹക്കീം നിർദ്ദേശം നൽകി.

✪✪✪

ഇന്ത്യാ- ഇംഗ്ലണ്ട് വനിതാ ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ആരംഭിക്കും. നോട്ടിംഗ്ഹാമിലെ ട്രെന്റ് ബ്രിഡ്ജിൽ വൈകിട്ട് ഏഴിനാണ് മത്സരം. 2023 ന് ശേഷം ഇതാദ്യമായാണ് ഇരു ടീമുകളും ട്വന്റി 20 ഫോർമാറ്റ് പരമ്പരയിൽ ഏറ്റുമുട്ടുന്നത്.

✪✪✪

കണ്ണൂരിൽ സംസ്ഥാന വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ രാവിലെ ആദ്യമത്സരത്തിൽ കൊല്ലം മലപ്പുറത്തേയും, രണ്ടാം മത്സരത്തിൽ വയനാട് കണ്ണൂരിനേയും നേരിടും. ഉച്ചയ്ക്ക് ശേഷം എറണാകുളം മലപ്പുറത്തെയും, വയനാട് ആലപ്പുഴയെയും നേരിടും.

✪✪✪

കേരളത്തിലെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന റവന്യൂ വകുപ്പിന്റെ ഭൂഭരണ നടപടികൾ മാതൃകയാണെന്ന് സ്പീക്കർ AN ഷംസീർ അഭിപ്രായപ്പെട്ടു. ഭൂ തർക്കങ്ങളില്ലാത്ത നാടായി കേരളത്തെ മാറ്റാൻ കഴിയുന്ന ഡിജിറ്റൽ റീ സർവെയും, 'എന്റെ ഭൂമി' ഏകജാലക പോർട്ടലും മാതൃകയാക്കാൻ ഒട്ടേറെ സംസ്ഥാനങ്ങൾ മുന്നോട്ടു വരുന്നത് അഭിമാനകരമാണെന്നും തിരുവനന്തപുരത്ത് സ്പീക്കർ പറഞ്ഞു.

✪✪✪

പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് രാവിലെ പത്ത് മുതൽ അപേക്ഷ നൽകാം.

അലോട്ട്മെൻറ് ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാൻ കഴിയാതിരുന്നവർക്കും ഓൺലൈനായി അപേക്ഷിക്കാം. ഒഴിവുകൾ രാവിലെ 9 ന് അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കും.

✪✪✪

ഇടുക്കിയിലെ ഇരവികുളം നാഷണൽപാർക്കിനെ രാജ്യത്തെ മികച്ച ദേശീയോദ്യാനമായി തെരഞ്ഞെടുത്തു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 2020–2025 വർഷങ്ങളിലെ ഫലപ്രദമായ പ്രവർത്തനവും നടത്തിപ്പും വിലയിരുത്തിയാണ് ഈ അംഗീകാരം. ജമ്മു കശ്മീരിലെ ഡച്ചിഗാം ദേശീയോദ്യാനത്തിനൊപ്പം ഇരവികുളം ഒന്നാം സ്ഥാനം പങ്കുവെക്കുകയായിരുന്നു.

പുരസ്കാരനേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച വനം വകുപ്പ് ഉദ്യോഗസ്ഥരെ മന്ത്രി AK ശശീന്ദ്രൻ അഭിനന്ദിച്ചു.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ചതുശ്ശതങ്ങളിൽ മൂന്നാമത്തേതായ ആയില്യം ചതുശ്ശതം ഇന്ന്. തിങ്കളാഴ്ച മകം കലംവരവിന് ശേഷം ഉച്ച ശീവേലിവരെയാണ് സ്ത്രീകൾക്ക് അക്കരകൊട്ടിയൂരിൽ പ്രവേശനം.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റി ഹെലൻ കെല്ലർ അനുസ്മരണവും നേത്യ പരിശീലന സെമിനാറും ഇന്ന് സംഘടിപ്പിക്കും.

✪✪✪

*News Editor & Reader: : അനിൽ ചന്ദ്രൻ*
*CNRT : സയ്യിദ് അലി ശിഹാബ്, രജിന കെ*
*DEO : സി കെ സുബോധ്*